പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2509

13.2.2013 ൽ
മറുപടിയ്ക്ക്

## ഐ.ടി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചത് എവിടെയെല്ലാമാണ് ; | എ) ഐ.ടി. മേഖലയിൽ തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്തുള്ള ടെക്നോപാർക്കിൽ മൂന്ന് ഘട്ടങ്ങളിലായും കൊല്ലം ജില്ലയിലെ മുളവന ടെക്നോപാർക്കിന്റെയും എറണാകുളം ജില്ലയിൽ കാക്കനാട്ടിലെ ഇൻഫോപാർക്ക് ഒന്ന്, രണ്ട് ഘട്ടങ്ങളുടെയും ആലപ്പുഴ ജില്ലയിൽ ചേർത്തലയിലും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ടെക്നോസിറ്റിക്കും കോഴിക്കോട് സൈബർപാർക്കിനും കണ്ണൂർ ജില്ലയിലെ എരമം വില്ലേജിലും, കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിലും ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ബി) പുതിയ ഐ.ടി. കമ്പനികൾക്കാവശ്യമായ കെട്ടിട സൗകര്യങ്ങൾ എവിടെയെല്ലാം ഒരുക്കപ്പെട്ടിട്ടുണ്ട് ; ഇവയിൽ സെസ് പദവി ലഭിച്ച സ്ഥലങ്ങൾ ഏവ ;<br>സി) സെസ് പദവി ലഭിച്ച ഏതെല്ലാം സ്ഥലങ്ങളിൽ എത്ര സ്ക്വയർഫീറ്റ് ഐ.ടി. കെട്ടിടങ്ങൾ പുതുതായി അലോട്ട് ചെയ്യാനായി സജ്ജമായിട്ടുണ്ട് ; | (ബി) യും (സി) യും<br>തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ ഐ.ടി. ഹബ്ബുകൾക്ക് സെസ് പദവി ലഭിച്ചിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകൾക്കും കോഴിക്കോട് യു.എൽ. സൈബർപാർക്കിനും സെസ് പദവി ലഭിച്ചിട്ടുണ്ട്. ഇൻഫോപാർക്ക് കൊച്ചി, കൊരട്ടി, ചേർത്തല, തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഒന്ന്, രണ്ട് ഘട്ടങ്ങൾ കൂടാതെ കോഴിക്കോട് സൈബർപാർക്കിലും ഐ.ടി. കമ്പനികൾക്കാവശ്യമായ കെട്ടിട സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. സൈബർപാർക്കിൽ Incubation എന്ന രീതിയിൽ 4000 ചതുരശ്ര അടിയും യു.എൽ. സൈബർ പാർക്കിൽ 6000 ചതുരശ്ര |

അടി ക്വിക്ക് സ്പെയിസ് കമ്പനികൾക്കായി ഒരുക്കിയിരിക്കുന്നു. ഇവയിൽ താഴെപ്പറയും വിധം വിസ്തീർണ്ണത്തിൽ കെട്ടിടങ്ങൾ പുതുതായി അലോട്ട് ചെയ്യാൻ സജ്ജമായിട്ടുണ്ട്.

| | |
|---|---|
| Technopark Phase I | - 14,00,000 sq.ft. |
| Technopark Phase II | - 25,00,000 sq.ft. |
| Technopark Phase III | - One million sq.ft. |
| Kollam Technopark | - One lakh sq.ft. |
| Infopark Cherthala | - 1,80,000 sq.ft. |

ടെക്നോസിറ്റിയിൽ സെസ് പദവി ലഭിച്ച 60 ഏക്കർ ഭൂമി, ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടത്തിൽ സെസ് പദവി ലഭിച്ച 82 ഏക്കർ ഭൂമി, രണ്ടാംഘട്ടത്തിൽ 97 ഏക്കർ ഭൂമി, ഇൻഫോപാർക്ക് ചേർത്തലയിൽ സെസ് പദവി ലഭിച്ച 60 ഏക്കർ ഭൂമി എന്നിവിടങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

ഡി) അടുത്ത രണ്ട് വർഷത്തിനകം നിർമ്മാണം പൂർത്തീകരിച്ച്, ഐ.ടി. കമ്പനികൾക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് കരുതുന്ന സർക്കാർ - സ്വകാര്യ സെസ് പദ്ധതികളെ കുറിച്ചും ലഭ്യമാകുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ചും വിശദമാക്കാമോ ;

ഡി) അടുത്ത രണ്ട് വർഷത്തിനകം താഴെ പറയുന്ന പദ്ധതികളിൽ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ടെക്നോപാർക്ക് – 21,00,000 ചതുരശ്ര അടി
ഇൻഫോപാർക്ക് – 9,00,000 ,,
സൈബർപാർക്ക് – 8,66,000 ,,

ഇ) തയ്യാറായിവരുന്ന അടിസ്ഥാന സൗകര്യങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഇ) മാർക്കറ്റിംഗിന്റെ ഭാഗമായി ഐ.ടി. കമ്പനികളുമായി നേരിട്ടും, Seminars, business meetings, road show എന്നിവയിൽ കൂടിയും വിപുലമായ രീതിയിൽ വിപണനം നടത്തുന്നുണ്ട്. ഐ.ടി. രംഗത്തുള്ള നിക്ഷേപ സാധ്യതകൾ ലക്ഷ്യമാക്കികൊണ്ട് വിപുലമായ മാർക്കറ്റിംഗ് പദ്ധതികളിലൂടെ ഐ.ടി. കേന്ദ്രങ്ങളായ ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിൽ റോഡ് ഷോ, ഇൻഡസ്ട്രിയൽ മീറ്റ് തുടങ്ങിയവ, ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന Gitex, CeBIT തുടങ്ങിയ ഐ.ടി. മേളകൾ, സെമിനാറുകൾ എന്നിവയിലെ പങ്കാളിത്തം, Nasscom പോലുള്ള ദേശീയ സോഫ്റ്റ്‌വെയർ അസ്സോസിയേഷനുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ